**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5818** | **28.03.2018-ലെ മറുപടി**

**വയൽകിളി കർഷക കൂട്ടായ്മ പ്രവർത്തകർക്കെതിരായ പോലീസ് നടപടി**

**ചോദ്യം**

**ശ്രീ.സണ്ണി ജോസഫ്**
**,, വി.ഡി.സതീശൻ**
**,, അടൂർ പ്രകാശ്**
**,, എ.പി. അനിൽ കുമാർ**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കീഴാറ്റൂരിൽ വയൽ നികത്തി ബൈപാസ് നിർമ്മിക്കുന്നതിനെതിരെ സമരം ചെയ്ത വയൽകിളി കർഷക കൂട്ടായ്മ പ്രവർത്തകർക്കെതിരെ മാർച്ച് 14-ാം തീയതി പോലീസ് നടപടി സ്വീകരിച്ചിരുന്നോ; | (എ) | നടപടി സ്വീകരിച്ചിരുന്നു. |
| (ബി) | വയൽകിളി കർഷക കൂട്ടായ്മ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | നിർദ്ദിഷ്ട ചുടല-കുറ്റിക്കോൽ എൻ.എച്ച്. ബൈപാസ് റോഡ് മാറ്റി നിർമ്മിക്കണമെന്നായിരുന്നു അവരുടെ ആവശ്യം. |
| (സി) | കർഷകരുടെ സമരപ്പന്തൽ പൊളിച്ച് തീയിട്ട സംഭവത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (സി) | 12 പേർക്കെതിരെ തളിപ്പറമ്പ പോലീസ് സ്റ്റേഷൻ ക്രൈം നം. 288/18 u/s. 143, 147, 427, 435 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 4 പേരെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |
| (ഡി) | നെൽവയൽ ഒഴിവാക്കി പുതിയ അലൈൻമെന്റ് പരിഗണിക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുകയുണ്ടായോ; പ്രസ്തുത തീരുമാനത്തിൽ നിന്നും പിൻമാറുകയുണ്ടായോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. നിശ്ചയിക്കപ്പെട്ട അലൈൻമെന്റ് മൊത്തത്തിൽ മാറ്റാൻ നിർവ്വാഹമില്ലാത്തതിനാൽ നെൽപ്പാടം സംരക്ഷിക്കപ്പെടുന്ന വിധത്തിൽ 500-600 മീറ്റർ നീളത്തിനുള്ളിൽ ഒരു ബദൽ റൂട്ടിനുള്ള സാധ്യതകൾ പഠിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാണ് 28/09/2017 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും നിർദ്ദിഷ്ട അലൈൻമെന്റിന് ഭൂവുടമകൾ എതിരല്ല എന്നും പ്രസ്തുത പ്രദേശത്ത് നെൽകൃഷി ഇല്ല എന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) നിശ്ചയിച്ച അലൈൻമെന്റിന് മാറ്റം വരുത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**